ശാസ്ത്രീയവും ഉപകാരപ്രദവുമായ രീതിയിൽ വൈദ്യുത കൺസ്യൂമർ കാർഡ് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ശാസ്ത്രീയവും ഉപകാരപ്രദവുമായ രീതിയിലാണ് വൈദ്യുത കൺസ്യൂമർ കാർഡ് നടപ്പാക്കിയിട്ടുള്ളത്.

കൺസ്യൂമർ കാർഡിന് വേണ്ടി ലഭിച്ച അപേക്ഷകൾ

68 (908) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര വൈദ്യുത ഗാർഹിക ഉപഭോക്താക്കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കൺസ്യൂമർ കാർഡിനുവേണ്ടി 2000 മെയ് 31 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(സി) അഡീഷണൽ കാഷ് ഡെപ്പോസിറ്റ് ഇനത്തിൽ ഉപഭോക്താക്കളിൽ നിന്നും എത്ര ലക്ഷം രൂപ പിരിഞ്ഞു കിട്ടുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 43,14,239.

(ബി) 33,29,702 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) കൺസ്യൂമർ കാർഡിനുള്ള അപേക്ഷകൾ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അഡീഷണൽ കാഷ് ഡെപ്പോസിറ്റ് ഈടാക്കേണ്ടതില്ലെന്ന് ബോർഡ് ഉത്തരവായിട്ടുണ്ട്.

കൺസ്യൂമർ കാർഡിനെ സംബന്ധിച്ച പരസ്യം

69 (909) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സുധാകരൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിയുടെ കൺസ്യൂമർ കാർഡിനെ സംബന്ധിച്ച് സംസ്ഥാന വൈദ്യുതി ബോർഡ് വാർത്താ മാദ്ധ്യമങ്ങൾക്കു പരസ്യം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം മാദ്ധ്യമങ്ങൾക്ക് ;

(ബി) എത്ര പ്രാവശ്യം ഇതു സംബന്ധിച്ച് പരസ്യം പ്രസിദ്ധീകരിച്ചു ;

(സി) ഇതിനുവേണ്ടി ആകെ എന്തു തുക ചെലവായി ;

LIBRARY ARCHIVES Kerala Legislative Assembly